ഒരു ഡബ്ല്യു. ടി. ഒ. സെൽ രൂപീകരിക്കുകയും ചെയ്തു. കാർഷിക വ്യാപാര വിപണന രംഗത്തിലുള്ള വിവരങ്ങൾ ലഭ്യമാക്കുന്നതിന് ഒരു വെർച്വൽ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിന് അഞ്ചു വർഷ കാല യളവിലേക്ക് ഭരണാനുമതി നൽകുകയും ടി സർവ്വകലാശാലയ്ക്ക് ഒരു എക്സിക്യൂട്ടീവ് ഡയറക്ടറെ നിയമിക്കുകയും ചെയ്തു. സർവ്വ കലാശാല അതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. ഔഷധ സസ്യങ്ങളുടെ സംരക്ഷണത്തിനും വികസനത്തിനുമായി ഒരു ഔഷധ ജൈവ താഴ്വര (ഹെർബൽ ബയോ വാലി) രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുകയും ജിയോഗ്രാഫിക്കൽ ഇൻഡിക്കേഷൻ സംരക്ഷണം സംബന്ധിച്ച് ആലപ്പി കാർഡമം, മലബാർ പെപ്പർ തുടങ്ങിയ സുഗന്ധ വ്യഞ്ജനങ്ങളുടെ സംരക്ഷണം ലഭ്യമാക്കുവാൻ സ്പൈസസ് ബോർഡുമായി ചേർത്ത് നടപടിയെടുക്കുകയും ചെയ്തു. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഒരു ഉന്നതതല സമിതി രൂപീകരിച്ച് പ്രവർത്തന രേഖ തയ്യാറാക്കുകയും വയനാട്, ഇടുക്കി, കണ്ണൂർ എന്നീ ജില്ലകളിൽ 800 ഹെക്ടർ സ്ഥലത്ത് ജൈവ കുരുമുളക് കൃഷിക്ക് സഹായം നൽകുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തു. ഡോ. വി. എൻ. ചോപ്ര കമ്മിറ്റി, ശ്രീ. കെ. പി. പി. നമ്പ്യാരുടെ അദ്ധ്യക്ഷതയിലുള്ള ഉപ സമിതി എന്നിവയുടെ നിർദ്ദേശ പ്രകാരം ഒരു കിസാൻ പ്രോജക്ട് തയ്യാറാക്കി കൃഷി വിജ്ഞാന വ്യാപനത്തിനുള്ള നടപടി സ്വീകരിച്ചു വരുന്നു. പച്ചക്കറികളുടേയും പഴവർഗ്ഗങ്ങളുടേയും കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് കാർഷിക കയറ്റുമതി മേഖലകൾ ആരംഭിക്കുന്നതിന് നടപടി എടുത്തിട്ടുണ്ട്. കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ പബ്ലിക് റിലേഷൻസ് വകുപ്പ് ഒരു മാദ്ധ്യമ സെൽ രൂപീകരിക്കുകയും കാർഷിക അനുബന്ധ മേഖലകളിലെ നാടൻ സാങ്കേതിക വിവരങ്ങൾ ക്രോഡീകരിച്ച് രേഖപ്പെടുത്താൻ സംസ്ഥാന പ്ലാനിംഗ് ബോർഡ് പദ്ധതി തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. എൻ. ഡി. ഡി. ബി.-യുടെ സഹായത്തോടെ സംസ്ഥാനത്തെ ജന്തു രോഗ നിയന്ത്രണ മേഖലയാക്കുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ ഒരു പോറൻറ് ഇൻഫർമേഷൻ സെൻറർ സ്ഥാപിച്ചു. മത്സ്യബന്ധനം സംബന്ധിച്ച് ഒരു കരട് നയം രൂപപ്പെടുത്തുകയും ഇക്കോ ടൂറിസം, ഹെൽത്ത് ടൂറിസം, സ്പിരിച്ച്വൽ ടൂറിസം എന്നിവയുടെ വികസനത്തിനായി നടപടി സ്വീകരിച്ചു വരികയും ചെയ്തു. വരൾച്ച ബാധിത ജില്ലകളായ വയനാട്, ഇടുക്കി, പാലക്കാട് എന്നിവിടങ്ങളിലെ നഷ്ടപ്പെട്ടതും രോഗം ബാധിച്ചതുമായ കുരുമുളക് തോട്ടങ്ങളുടെ പുനരുദ്ധാരണത്തിനായി 395.54 കോടി രൂപയുടേയും വടക്കൻ ജില്ലകളിൽ മഞ്ഞളിപ്പ് രോഗം ബാധിച്ച കമുക് തോട്ടങ്ങളുടെ പരിപാലത്തിനായി 2.19 കോടി രൂപയുടേയും വരൾച്ച ബാധിച്ച കശുമാവ് തോട്ടങ്ങളുടെ പുനരുദ്ധാരണത്തിനായി 106.70 കോടി രൂപയുടേയും കാറ്റു വീഴ്ച ബാധിച്ച തെങ്ങിൻ തോട്ടങ്ങളുടെ പരിപാലനത്തിനും ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി 1924.67 കോടി രൂപയുടേയും പദ്ധതികൾ കേന്ദ്ര സഹായത്തോടുകൂടി സംസ്ഥാന സർക്കാർ നടപ്പാക്കി വരുന്നുണ്ട്. കേരളത്തിലെ കൂടുതൽ കാർഷിക വിളകളെ കേന്ദ്ര കൃഷി ഇൻഷ്വറൻസിൽ ഉൾപ്പെടുത്താൻ കേന്ദ്ര സർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്.

പച്ചക്കറി ഉൽപ്പാദനം പ്രോൽസാഹിപ്പിക്കുന്നതിന് നടപടി

131 [2121] ശ്രീ. ബിനോയ് വിശ്വം:

,, പി. നാരായണൻ :

,, മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) 2001 മേയ് മുതൽ 2005 ഫെബ്രുവരി വരെ ഓരോ വർഷവും സംസ്ഥാനത്ത് പച്ചക്കറി ഉൽപ്പാദന വർദ്ധനവുണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ ഓരോ വർഷവും സംസ്ഥാനത്ത് ഉൽപ്പാദിപ്പിച്ച പച്ചക്കറി ഓരോ ഇനവും എത്ര ടൺ വീതമാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ വർഷങ്ങളിൽ പച്ചക്കറി കൃഷിക്കാർക്ക് എത്തിച്ചു കൊടുത്ത ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് ആഭ്യന്തര കാർഷികോൽപ്പാദനം പ്രോൽസാഹിപ്പിക്കുന്നതിന് ഈ സർക്കാർ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2001-02 മുതൽ 2003-04 വരെ സംസ്ഥാനത്ത് ഉൽപ്പാദിപ്പിച്ച പച്ചക്കറിയുടെ കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. † 2004-05-ൽ വി. എഫ്. പി. സി. കെ. ആണ് സംസ്ഥാനത്ത് പച്ചക്കറി വികസന പദ്ധതികൾ നടപ്പിലാക്കുന്നത്. 2004-05-ലെ പച്ചക്കറി ഉൽപ്പാദനത്തിന്റെ കണക്ക് ശേഖരിച്ചു വരുന്നു.

(സി) ഈ വർഷങ്ങളിൽ സംസ്ഥാന ആവിഷ്കൃത പദ്ധതി പ്രകാരവും കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരവും പച്ചക്കറി കൃഷിക്കാർക്ക് വിവിധ ആനുകൂല്യങ്ങൾ നൽകി. ഹരിത സംഘങ്ങളിലൂടെയുള്ള പച്ചക്കറികൃഷി, സ്കൂൾ പച്ചക്കറിത്തോട്ടം, പച്ചക്കറി വിത്ത് കിറ്റ് വിതരണം, സന്നദ്ധ സംഘടനകൾ വഴി പച്ചക്കറി കൃഷി വ്യാപിപ്പിക്കൽ, സസ്യ സംരക്ഷണ ഉപാധികളുടെ വിതരണം, ജലസേചന സൗകര്യം, പരിശീലനം, വിപണന സൗകര്യം തുടങ്ങിയവ മെച്ചപ്പെടുത്തൽ, പച്ചക്കറി വിത്തുൽപ്പാദനത്തിനായി കൃഷിഫാമുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ. കൃഷിക്കാരുടെ കൃഷിയിടങ്ങളിൽ പച്ചക്കറി വിത്തുൽപ്പാദനം, പരമ്പരാഗതമായി പച്ചക്കറി കൃഷിചെയ്യുന്ന സ്ഥലങ്ങളിൽ പച്ചക്കറി കൃഷി പ്രോൽസാഹിപ്പിക്കൽ, ശീതകാല പച്ചക്കറികളുടെ ജൈവകൃഷി സമ്പ്രദായം പ്രോൽസാഹിപ്പിക്കൽ, പ്രദർശന തോട്ടങ്ങളുടെ നിർമ്മാണം, ഗവേഷണവും വികസനവും എന്നീ ഘടകങ്ങൾക്കായി 2001-02 വർഷത്തിൽ 593.71 ലക്ഷം രൂപയുടെയും 2002-03 വർഷത്തിൽ 363.742 ലക്ഷം രൂപയുടെയും 2003-04 വർഷത്തിൽ 171.742 ലക്ഷം രൂപയുടെയും 2004-05-ൽ 15 ലക്ഷം രൂപയുടെയും ആനുകൂല്യങ്ങൾ നൽകുകയുണ്ടായി.

വി. എഫ്. പി. സി. കെ. ഉദ്യോഗസ്ഥർ കൃഷിയിടങ്ങൾ സന്ദർശിച്ച് പഴം പച്ചക്കറി കൃഷിക്കാർക്ക് വേണ്ട സാങ്കേതിക ഉപദേശങ്ങൾ നൽകുകയും, സ്വാശ്രയ കർഷക സമിതികൾക്കായി സ്ഥലവും കെട്ടിടവും ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ നൽകുകയും ചെയ്യുന്നു. വിവിധ ബാങ്കുകളുമായി സഹകരിച്ച് കർഷകർക്ക് വർഷംതോറും 40 കോടി രൂപയുടെ വായ്പാ സൗകര്യം ലഭ്യമാക്കുന്നു. ഇൻഷുറൻസ് കമ്പനിയുമായി സഹകരിച്ച് കർഷകർക്കും വിളകൾക്കും ഇൻഷുറൻസ് പരിരക്ഷ നൽകുന്നു. കൃത്യമായി ബാങ്ക് വായ്പ തിരിച്ചടക്കുന്ന കർഷകർക്ക് പലിശയിൽ 2% ഇളവ് വി. എഫ്. പി. സി. കെ. അനുവദിക്കുന്നു. കിണർ കുഴിക്കുന്നതിനും പമ്പ് സെറ്റ് വാങ്ങുന്നതിനുമായി 50 ലക്ഷം രൂപ

† ലൈബ്രറിയിൽ വെച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സബ്സിഡി നൽകി. പഴം പച്ചക്കറികളിൽ നിന്ന് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രോൽസാഹനം നൽകുന്നു. അധിക ഉൽപ്പാദനം മൂലം വിലയിടിവ് സംഭവിക്കുമ്പോൾ ഉൽപ്പന്നങ്ങൾ മറ്റ് മാർക്കറ്റുകളിലെത്തിക്കുവാൻ സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നു.

(ഡി) മേൽപ്പറഞ്ഞ പദ്ധതികൾക്കായി 2001-2002 മുതൽ 2004-2005 വർഷം വരെ 1144.194 ലക്ഷം രൂപ ചെലവാക്കി. വി.എഫ്.പി.സി.കെ.-യുടെ പ്രവർത്തനം എല്ലാ ജില്ലകളിലേയ്ക്കും ഈ കാലയളവിൽ വ്യാപിപ്പിച്ചു.

പ്രത്യേക തൊഴിൽദാന പദ്ധതിപ്രകാരമുള്ള പെൻഷൻ

132 [2122] ശ്രീ. എ. എ. അസീസ്:
,, കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികമേഖലയിലെ ഒരു ലക്ഷം യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽദാന പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര പേർക്ക് പെൻഷൻ നൽകുന്നുണ്ട്;

(ബി) എത്ര രൂപയാണ് ഓരോരുത്തർക്കും പെൻഷനായി നൽകുന്നത്. വർഷംതോറും ഇതിനായി സംസ്ഥാന സർക്കാരിന് എന്തുതുകയാണ് നീക്കിവയ്ക്കേണ്ടിവരുന്നത്;

(സി) ഈ പദ്ധതിപ്രകാരമുള്ള പെൻഷൻ അനുവദിക്കുന്നതിനായി ലഭിച്ച അപേക്ഷകളിൽ പെൻഷൻ അനുവദിക്കാതെ ഇരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പെൻഷൻ അനുവദിക്കുന്നതിനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) ഈ പദ്ധതിപ്രകാരം അപേക്ഷ നൽകിയിട്ടും പെൻഷൻ നൽകാത്തതു സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ ആ പരാതികളിൽമേൽ എന്ത് തീരുമാനം കൈക്കൊണ്ടു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പദ്ധതിപ്രകാരം അംഗത്തിന് 60 വയസ്സ് പൂർത്തിയാകുമ്പോഴാണ് പ്രതിമാസ പെൻഷന് അർഹതയാകുന്നത്. ഇപ്പോൾ അർഹതയായവർ ആരും തന്നെയില്ല.

(ബി) അംഗങ്ങളായിട്ടുള്ളവർക്ക് 60 വയസ്സിനുമേൽ 1000 രൂപ പ്രതിമാസ പെൻഷൻ എന്നാണ് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. പെൻഷൻ നൽകുന്നതിനുള്ള അർഹത ആർക്കും ആയിട്ടില്ല.

(സി) അപേക്ഷകൾ ലഭിച്ചിട്ടില്ല.

(ഡി) ബാധകമല്ല.

(ഇ) ഇല്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly